LIBRARY ARCHIVES Kerala Legislative Assembly

മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം

26 (332) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം മത്സര പരീക്ഷകൾക്കാണ് സൗജന്യപരിശീലനം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ചുവടെ ചേർക്കുന്ന പരീക്ഷകൾക്കുള്ള സൗജന്യ പരിശീലനം പട്ടികജാതി വികസന വകുപ്പ് മുഖേന നല്കി വരുന്നു.

I. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം.

a. പ്ലസ് ടു പഠനത്തോടൊപ്പമുള്ള എൻട്രൻസ് പരിശീലനം (2 വർഷത്തേക്ക്) ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു.

b. പ്ലസ് ടു പഠന ശേഷമുള്ള എൻട്രൻസ് പരിശീലനം ഈ പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു.

II. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC):- വകുപ്പിന് കീഴിലുള്ള 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നിലവിൽ പ്ലസ് ടു മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബാങ്കുകൾ എന്നിവ അപേക്ഷ ക്ഷണിക്കുന്ന വിവിധ മത്സര പരീക്ഷകളിൽ 6 മാസത്തെ കോച്ചിംഗ് ക്ലാസ്സുകൾ സൗജന്യമായി നടത്തി വരുന്നു. കൂടാതെ 2 വർഷം ദൈർഘ്യമുള്ള സ്റ്റെനോഗ്രാഫി കോഴ്സും സൗജന്യമായി PETC യിൽ നടത്തി വരുന്നു.

III. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS):- കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി (KSCSA)യിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

IV. ലക്ഷ്യാ സ്കോളർഷിപ്പ് പദ്ധതി :- ഈ പദ്ധതി പ്രകാരം മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്ന ICSETS-ൽ പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേയ്ക്ക് ലക്ഷ്യാ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് ഈ പദ്ധതി വഴി സഹായം നൽകി വരുന്നു. കേന്ദ്ര/കേരള സർക്കാർ നടത്തുന്ന മത്സര പരീക്ഷകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ഏറ്റവും അധികമായി പങ്കെടുക്കുന്ന പരീക്ഷകൾക്കായി ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകുപ്പിന് കീഴിലുള്ള അമൃത് എന്ന സ്ഥാപനം വഴിയും പരിശീലനം നൽകി വരുന്നുണ്ട്.

(ബി) മത്സര പരീക്ഷകൾക്കായി സ്വകാര്യ പരിശീലന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികളുടെ പരിശീലന ചെലവ് വകുപ്പ് ഏറ്റെടുക്കാറുണ്ടോ?

എൻട്രൻസ് പരീക്ഷാ പരിശീലനത്തിന് ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും ചേർന്ന് തെരഞ്ഞെടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു. ലക്ഷ്യാ സ്കോളർഷിപ്പ് പദ്ധതി പ്രകാരം മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്ന ICSETS (Institute for Civil Services Examination Training Society)ൽ പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിന് ലക്ഷ്യാ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് ഈ പദ്ധതി വഴി സഹായം നൽകി വരുന്നു.

(സി) മുൻസിഫ് മജിസ്ട്രേറ്റ് തസ്തികയിലേക്കുള്ള ജുഡീഷ്യൽ ടെസ്റ്റുകൾക്ക് വേണ്ടി എസ്.സി./എസ്.ടി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിശീലനം നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുൻസിഫ്-മജിസ്ട്രേറ്റ് തസ്തികയിലേക്കുള്ള ജൂഡീഷൽ ടെസ്റ്റുകൾക്ക് വേണ്ടി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് തിരുവനന്തപുരം ലോ കോളേജുമായി സഹകരിച്ച് പ്രത്യേക പരിശീലനം നല്കിയിട്ടുണ്ട്. ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയായിട്ടുണ്ട്. എസ്.സി. വിഭാഗത്തിന് നിലവിൽ ഇല്ലാത്തതാകുന്നു.

ഓൺലൈൻ വിദ്യാഭ്യാസ സംവിധാനം

27 (333) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോലും എത്തിയിട്ടില്ലാത്ത ഉൾപ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾ ഓൺലൈൻ വിദ്യാഭ്യാസ സംവിധാനത്തിന് പുറത്തായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ചില സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷന്റെ അഭാവവും, നെറ്റ് കണക്ടിവിറ്റിയും തടസ്സമാകുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികളിൽ ANERT-ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെറ്റ് കണക്ടിവിറ്റി ഇല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.ടി വകുപ്പിന് കൈമാറി വിവിധ സർവ്വീസ് പ്രൊവൈഡർമാരുമായി ബന്ധപ്പെട്ട് നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഓൺലൈൻ വിദ്യാഭ്യാസം

28 (334) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ വിദ്യാഭ്യാസം ലഭിക്കാത്തതിലുള്ള മാനസിക സമ്മർദ്ദത്തെ തുടർന്ന് സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കുവാനും കുട്ടികൾക്ക് ആത്മധൈര്യം പകരാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?